# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1027 12-6-2014 ൽ മറുപടിക്ക്

## കോഴിക്കോട് ഡി. ഡി. ഇ ഓഫീസ് കേന്ദ്രീകരിച്ചുള്ള ക്രമക്കേടുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ഡി. ഡി. ഇ ഓഫീസ് കേന്ദ്രീകരിച്ചുള്ള ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത ക്രമക്കേടുകൾ സംബന്ധിച്ച് ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (ബി) | കോഴിക്കോട് വിദ്യാഭ്യാസ ഉപ ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായിരുന്ന ശ്രീ. പി. അജയകുമാറിനെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യുകയും പിന്നീട് അച്ചടക്ക നടപടി തുടർന്നുകൊണ്ട് സർവ്വീസിൽ പുനർപ്രവേശിപ്പിക്കുകയും 29-5-2014 ലെ 11978/സി3/2014/പൊ.വി പ്രകാരം അച്ചടക്ക നടപടിയുടെ ഭാഗമായി ചാർജ് മെമ്മോ നൽകുകയും ചെയ്തു. |
| (സി) | അഴിമതി ആരോപണം സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ; | (സി) | ഗവൺമെന്റ് നിർദ്ദേശ പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ വിജിലൻസ് വിഭാഗം അഡീഷണൽ വിദ്യാഭ്യാസ ഡയറക്ടർ (അക്കാദമിക്) ശ്രീമതി യു.കെ.ശ്യാമളയുടെ നേതൃത്വത്തിൽ അന്വേഷണം നടത്തിയിട്ടുണ്ട്. |

(ഡി) എങ്കിൽ വിജിലൻസ് വിഭാഗം കണ്ടെത്തിയ ന്യൂനതകൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

(ഡി) 1) ശ്രീ.പി.അജയകുമാർ കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ പൂർണ്ണ അധിക ചുമതല വഹിച്ചിരുന്ന കാലയളവിൽ, മാനേജർ എന്ന നിലയിൽ കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ മുക്കം ഹൈസ്കൂളിൽ നിയമിച്ചിരുന്ന അഞ്ച് സംരക്ഷിത അദ്ധ്യാപകരെ പിൻവലിച്ച് മറ്റു സ്കൂളുകളിൽ പുനർവിന്യസിച്ചുവഴി കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം XIV A റൂൾ 9(1)ന്റെ ലംഘനവും തികഞ്ഞ അധികാര ദുർവിനിയോഗം നടത്തി. മാനേജർക്ക് സ്കൂളിൽ അഞ്ച് പുതിയ നിയമനങ്ങൾ നടത്താൻ സാഹചര്യം ഒരുക്കി സർക്കാർ ഖജനാവിൽ നിന്ന് അനധികൃത ദുർവ്യയമുണ്ടാക്കി.

2) പുനർവിന്യസിക്കപ്പെട്ട് മറ്റ് സർക്കാർ സ്കൂളുകളിൽ ജോലി നോക്കുന്ന പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ നല്ലളം. ചെറുവാടി സ്കൂളിലേക്ക് മാറ്റി നിയമിക്കുമായിരുന്നെങ്കിൽ പി.എസ്.സി നിയമനം കാത്തിരിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് പ്രയോജനം ചെയ്യുമായിരുന്ന നടപടി ഇല്ലാതാക്കി.

3) ജനന തീയതി തിരുത്താൻ അധികാരമില്ലാത്ത യു.പി സ്കൂൾ പ്രഥമാദ്ധ്യാപികയെ തെറ്റു ചെയ്യാൻ പ്രേരിപ്പിക്കുകയും അതുവഴി സർക്കാർ ഉത്തരവുകളെ ദുർവ്യാഖ്യാനം ചെയ്യുകയും വഴി അഴിമതിയിൽപ്പെട്ടു.

4) യാതൊരു മാനദണ്ഡവും ഇല്ലാതെ പി.റ്റി.സി.എം നിയമനത്തിന് ആളുകളെ തെരഞ്ഞെടുത്തു.

സെക്ഷൻ ഓഫീസർ